**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1685** **19-09-2025 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | രജിസ്ട്രേഷൻ വകുപ്പിൽ അസ്സലാധാരം സ്കാൻ ചെയ്ത് സർവറിൽ സൂക്ഷിക്കുന്ന സാഹചര്യത്തിൽ തികച്ചും അപ്രസക്തമായ ഫയലിംഗ് ഷീറ്റ് സംവിധാനം ഒഴിവാക്കാൻ ആരാണ് തടസ്സം നിൽക്കുന്നതെന്നും എന്താണ് തടസ്സത്തിന് കാരണമെന്നും വ്യക്തമാക്കാമോ; | (എ) | ഫയലിംഗ് സംവിധാനം ഒഴിവാക്കാൻ തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>1908 -ലെ രജിസ്ട്രേഷൻ ആക്റ്റിലെ വകുപ്പ് 19 എ പ്രകാരം *"രജിസ്റ്റർ ചെയ്യുന്നതിന് ഹാജരാക്കുന്ന പ്രമാണങ്ങളുടെ കൂടെ അവയുടെ ശരിപകർപ്പുകൾ ഉണ്ടായിരിക്കണമെന്ന് - (1) യാതൊരു പ്രമാണവും അതിന്റെ ശരിപകർപ്പോടുകൂടി ഹാജരാക്കാത്ത പക്ഷം രജിസ്റ്റർ ചെയ്യുന്നതിന് സ്വീകരിക്കുവാൻ പാടുള്ളതല്ല."* എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br><br>ആധാരങ്ങളുടെ ഫയലിംഗ് ഷീറ്റ് ഒഴിവാക്കി ശരിപ്പകർപ്പ് ഇലക്ട്രോണിക് രൂപത്തിൽ സ്വീകരിക്കുന്ന വിഷയം സംബന്ധിച്ച് സർക്കാർ നിലവിൽ തീരുമാനം എടുത്തിട്ടില്ല. |
| (ബി) | വകുപ്പിൽ ടെംപ്ലേറ്റ് സംവിധാനം നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | 29.04.2022 തീയതിയിലെ സ.ഉ.(സാധാ) നം.343/2022/ടാക്സസ് പ്രകാരം ധനനിശ്ചയാധാരങ്ങൾക്കും, 11.03.2024 തീയതിയിലെ സ.ഉ.(സാധാ) നം.230/2024/TAXES പ്രകാരം മറ്റ് 18 തരം ആധാരങ്ങൾക്കും ഫോം രൂപത്തിലുള്ള ആധാര മാതൃക അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഈ സൗകര്യം ഉപയോഗിച്ചുള്ള ആധാര രജിസ്ട്രേഷൻ പരീക്ഷണാടിസ്ഥാനത്തിൽ ഡിജിറ്റൽ സർവ്വേ പൂർത്തിയായ വില്ലേജുകൾ അധികാര പരിധിയായി വരുന്ന സബ് രജിസ്ട്രാർ ഓഫീസുകളിൽ ആദ്യഘട്ടത്തിൽ പരീക്ഷണ അടിസ്ഥാനത്തിൽ ഐച്ഛികമായി നടപ്പിലാക്കാവുന്നതാണ് എന്നും, അതിന്റെ പ്രവർത്തനം വിലയിരുത്തിയ ശേഷം മറ്റ് സബ് രജിസ്ട്രാർ ഓഫീസുകളിൽ വ്യാപിപ്പിക്കുന്നതിനുമേൽ തീരുമാനം എടുക്കുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നിലവിൽ PEARL software വഴിയുള്ള ആധാര രജിസ്ട്രേഷന് കക്ഷികളിൽ നിന്നും ഡാറ്റാ മാത്രം സ്വീകരിച്ച്, ആധാരം മാനുവലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്. എന്നാൽ, ഡിജിറ്റൽ സർവ്വേ പൂർത്തിയായ വില്ലേജുകളിൽ എന്റെ ഭൂമി പോർട്ടലിൽ ആധാരം ടെംപ്ലേറ്റ് രൂപത്തിൽ സിസ്റ്റം ജനറേറ്റഡ് ആയാണ് വരേണ്ടത്. അതിനാൽ തെറ്റുകൾ കൂടാതെ കക്ഷികൾക്ക് ആധാരം തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്‌വെയറാണ് നിർമ്മിക്കേണ്ടത്. ഇക്കാരണങ്ങളാൽ തന്നെ എല്ലാ സാഹചര്യങ്ങളെയും മുൻകൂട്ടി കണ്ട് അവയ്ക്കെല്ലാം അനുയോജ്യമാകുന്ന ടെംപ്ലേറ്റ് സിസ്റ്റം തയ്യാറാക്കേണ്ടതായുണ്ട്. അതിലേക്കായി കൂടുതൽ വിശദമായ പഠനവും വിവിധ തലത്തിലുള്ള ടെസ്റ്റിംഗും ആവശ്യമാണ്. ഇത്തരത്തിൽ തയ്യാറാക്കിയ ടെംപ്ലേറ്റുകളുടെ ടെസ്റ്റിങ്ങ് പുരോഗമിച്ചു വരുന്നു. |
| (സി) | പ്രസ്തുത സംവിധാനം നടപ്പാക്കാത്തതിനാലും ഫയലിംഗ് ഷീറ്റ് സംവിധാനം ഒഴിവാക്കാത്തതിനാലും അസ്സലാധാരം ഫയലിംഗ് ഷീറ്റുമായി ഒത്തുനോക്കേണ്ടി വരുന്നതുമൂലവും പുറത്തെഴുത്ത് പകർത്തിയെഴുതേണ്ടി വരുന്നതുമൂലവും വകുപ്പിലെ ജീവനക്കാരുടെ വിഭവശേഷി അനാവശ്യമായി പാഴായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | നിലവിൽ ഫയിലിംഗ് ഷീറ്റ് സംവിധാനം ഒഴിവാക്കിയിട്ടില്ലാത്തതിനാൽ അസ്സലാധാരം ഫയലിംഗ് ഷീറ്റുമായി ഒത്തുനോക്കേണ്ടി വരികയും, പുറത്തെഴുത്ത് പകർത്തിയെഴുതുകയും ചെയ്യേണ്ടതായും വരുന്നു. രജിസ്ട്രേഷൻ നിയമമനുസരിച്ച് ഇക്കാര്യം ജീവനക്കാരുടെ നിയമപരമായിട്ടുള്ള ചുമതലയാണ്. അതുമൂലം ജീവനക്കാരുടെ വിഭവശേഷി പാഴായി പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ